കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

1999 ജൂലായ് 16, വെള്ളി

വാല്യം 108] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 20

നിയമസഭ 1999 ജൂലായ് മാസം 16-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം.വി. ജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ.....ചോദ്യം : 471

ചൂരൽനെയ്ത്ത് വ്യവസായംനേരിടുന്ന പ്രതിസന്ധി

1 (*471) ശ്രീ. എ.കെ. മണി :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചൂരൽനെയ്ത്ത് വ്യവസായം നേരിടുന്ന പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചൂരൽ നെയ്ത്ത് സഹകരണസംഘങ്ങൾക്ക് ചൂരൽ ശേഖരിക്കുവാൻ പാസ്സ് നൽകുന്ന സമ്പ്രദായം ഇപ്പോൾ നിലവിലുണ്ടോ;

(സി) ചൂരൽ നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് ചൂരൽ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഇല്ല.

(ബി) ചൂരൽ നെയ്ത്ത് സ്ഥാപനങ്ങൾക്ക് ചൂരൽ സംഭരിക്കുന്നതിനുള്ള പാസ്സ് നൽകുന്ന സമ്പ്രദായം നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) സഹകരണസംഘങ്ങൾക്ക് ചൂരൽ നൽകുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല.

ശ്രീ. എ.കെ. മണി : സർ, ചൂരൽനെയ്ത്തുതൊഴിലാളികൾ കൂടുതലും പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകളാണ്. ഇവർക്ക് ചൂരൽ ശേഖരിക്കുന്നതിന് സഹകരണസംഘങ്ങളും ഈ മേഖലയിൽ ഇല്ല. അതുകൊണ്ട് പലപ്പോഴും ചൂരൽവെട്ടാൻ സൗകര്യമില്ലാത്തതുകൊണ്ട് തൊഴിലില്ലായ്മ ഉണ്ടാകുന്നു. ആ കുടുംബങ്ങളെ സഹായിക്കുന്നതിന് സർക്കാർ പുതിയ പദ്ധതികൾ വല്ലതും ആരംഭിച്ചിട്ടുണ്ടോ?

ശ്രീമതി സുശീലാ ഗോപാലൻ : കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇതു സംബന്ധിച്ച് ചർച്ചകൾ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ 'സിഡ്കോ' ആസ്സാമിൽനിന്നും 1,60,000 ടൺ ചൂരൽ വാങ്ങി ഇവിടെ കൊണ്ടുവന്ന് വിതരണം ചെയ്യാൻ ശ്രമിക്കുകയും ചെയ്തുവെങ്കിലും അത് ഗുണമേന്മയില്ലാത്ത സാധനമായിരുന്നതുകൊണ്ട് ആളുകൾ ലിഫ്റ്റ് ചെയ്യാതെ വന്നു. ഇപ്പോൾ ഇതു സംബന്ധിച്ച് യാതൊരു പരാതിയും ഗവൺമെന്റിന് കിട്ടിയില്ല.

ശ്രീ. എ.കെ. മണി : വനത്തിൽനിന്നും ചൂരൽ ശേഖരിക്കുന്നതിന് വനപാലകൻമാർ പലപ്പോഴും തടസ്സമായി നിൽക്കുകയാണ്. അതുകൊണ്ട് വനം വകുപ്പ് നേരിട്ട് ചൂരൽ ശേഖരിച്ചു ചൂരൽ നെയ്ത്ത് തൊഴിലാളികൾക്കു കൊടുക്കാൻ വേണ്ടിയുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : വനം വകുപ്പാണ് ഇതൊക്കെ ചെയ്യേണ്ടത്. അവരുമായി ബന്ധപ്പെട്ടിട്ട് എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്നുള്ള കാര്യം ആലോചിക്കുന്നതാണ്.

ശ്രീമതി രാധാ രാഘവൻ : ചൂരൽ വ്യവസായ സഹകരണസംഘങ്ങൾ ഇന്ന് അനുഭവിക്കുന്ന ബുദ്ധിമുട്ട് തരണം ചെയ്യുന്നതിന് സർക്കാർ ഗ്രാന്റ് നൽകുന്നതിന് തയ്യാറാകുമോ?

ശ്രീമതി സുശീലാ ഗോപാലൻ : അവരുടെ മെമ്മോറാണ്ഡം കിട്ടിയാൽ അത് പരിശോധിച്ച് എന്താണ് ചെയ്യാൻ കഴിയുകയെന്ന് അപ്പോൾ തീരുമാനിക്കാം.

ശ്രീമതി രാധാ രാഘവൻ : ഈ കാര്യത്തിനുള്ള നിയമങ്ങളിൽ അയവു വരുത്തി ചൂരൽ ശേഖരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : വനം വകുപ്പാണ് ഈ കാര്യം ചെയ്യേണ്ടത്. അതിന് വ്യവസായ വകുപ്പിന് അധികാരമില്ല. എങ്കിലും വനം വകുപ്പുമായി ബന്ധപ്പെട്ട് എന്തെങ്കിലും സാദ്ധ്യതയുണ്ടോ എന്ന് പരിശോധിക്കാം. വനത്തിലെ കാര്യങ്ങളിൽ ചില നിയന്ത്രണങ്ങൾ ഉള്ളതുകൊണ്ട്, കേന്ദ്ര ഗവൺമെന്റാണ് ഈ കാര്യത്തിൽ എന്തെങ്കിലും ചെയ്യേണ്ടത്. എന്തെങ്കിലും തടസ്സം ഉണ്ടോയെന്ന് അവരുമായി ആലോചിച്ച് ആ കാര്യം തീരുമാനിക്കുന്നതാണ്.

ശ്രീ. പി.കെ. കുമാരൻ : ചൂരൽ ശേഖരിക്കുന്നതിനുവേണ്ടി വനത്തിലേക്ക് പോകുന്ന തൊഴിലാളികൾ വന്യമൃഗങ്ങളുടെ ആക്രമണത്തിന് വിധേയമാകുകയാണ്. അങ്ങനെയുള്ള തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനുള്ള നടപടി വനം വകുപ്പുമായി ആലോചിച്ച് ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇതിൽ എന്താണ് ചെയ്യാൻ കഴിയുക എന്നുള്ളത് വിശദമായി പരിശോധിക്കേണ്ട കാര്യമാണ്. ഇതുവരെ സർക്കാ

LIBRARY ARCHIVES Kerala Legislative Assembly

രിന്റെ മുന്നിൽ ഇങ്ങനെയുള്ള ഒരു പ്രശ്നം വന്നിട്ടില്ല. സാധാരണഗതിയിൽ കാട്ടിൽപോയി വന്യമൃഗങ്ങളുടെ ആക്രമണംമൂലം മരിച്ചാൽ എല്ലാവർക്കും കിട്ടുന്നതുപോലെയുള്ള ആനുകൂല്യം കിട്ടും. പ്രത്യേക നിയമം അതിനകത്തുണ്ടോയെന്ന് എനിക്ക് ബോദ്ധ്യമില്ല.

ശ്രീ. ജി. കാർത്തികേയൻ : ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പി.കെ. കുമാരൻ കാട്ടിലെ കാര്യം ചോദിച്ചു. കാട്ടിലെ മാത്രമല്ല നാട്ടിലെ മൃഗങ്ങളിൽനിന്നും ഒരുപാട് ഭീക്ഷണികൾ നേരിടുന്നു. ചൂരൽനെയ്ത്ത് വ്യവസായം ഭൂരിഭാഗവും പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകളാണ് ചെയ്യുന്നത്. ഇതിനുവേണ്ട അസംസ്കൃത വസ്തുക്കൾ ശേഖരിക്കാൻ കാട്ടിൽ പോകുമ്പോൾ പലപ്പോഴും തടസ്സങ്ങൾ നേരിടുന്നു. മറ്റൊന്ന് മാർക്കറ്റിംഗ് ആണ്. എല്ലാ സഹകരണസംഘങ്ങളും അത് സ്വീകരിക്കാറില്ല. പ്ലാസ്റ്റിക് പോലുള്ള ഉൽപ്പന്നങ്ങൾ നമ്മുടെ ആധുനിക ജീവിതത്തിൽ ഒരു കടന്നുകയറ്റം നടത്തിയിട്ടുണ്ട്. ചൂരൽ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർ കൂടുതലും സ്ത്രീകളാണ്. അവരുടെ ഉൽപ്പന്നങ്ങൾക്ക് മതിയായ വില കിട്ടുന്നില്ല എന്നു മാത്രമല്ല, മാർക്കറ്റിംഗ് ഒരു പ്രധാനപ്പെട്ട ഘടകമാണ്. അതുകൊണ്ട് പരമ്പരാഗതമായി ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളെ രക്ഷിക്കുന്നതിനും ഈ വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റിംഗ് ഉണ്ടാക്കുന്നതിനും എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീമതി സുശീലാ ഗോപാലൻ : ചൂരൽ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി 12 സൊസൈറ്റികളാണ് ഈ രംഗത്ത് ഇപ്പോൾ പ്രവർത്തിക്കുന്നത്. മറ്റു കാര്യങ്ങൾ പരിശോധിക്കുന്നതാണ്. വ്യക്തികൾ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ ഓപ്പൺ മാർക്കറ്റിൽ അവർതന്നെ വിറ്റഴിക്കുകയാണ് പതിവ്. ഇതിന് സമഗ്രമായി എന്തെങ്കിലും ചെയ്യാൻ കഴിയുമോ; ആവശ്യമായ ചൂരൽ അവർക്ക് ലഭ്യമാകുന്നുണ്ടോ; ഇല്ലെങ്കിൽ ആസ്സാമിൽനിന്നും കൊണ്ടുവരേണ്ടിവരും. അതു മാത്രമാണ് കരണീയമായിട്ടുള്ളത്. അതിനെ സംബന്ധിച്ച് പഠനം നടത്തി എന്തെങ്കിലും ഏർപ്പാട് ചെയ്ത്, ആവശ്യമായ നടപടികൾ കൈക്കൊള്ളും.

ശ്രീ. കെ. ബാബു : ചൂരൽ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെ സംസ്ഥാനത്തെ ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് വ്യവസായ വകുപ്പിൽനിന്നും നൽകേണ്ട സബ്സിഡി വളരെയേറെ കുടിശ്ശികയാണ്. അതുകൊണ്ട് ഈ വ്യവസായങ്ങൾ വലിയ പ്രയാസം അനുഭവിക്കുകയാണ്. ഈ സബ്സിഡി അടിയന്തിരമായി കൊടുത്തുതീർക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 1,58,000-ത്തോളം ചെറുകിട വ്യവസായങ്ങൾ പുതുതായി വന്നിട്ടുണ്ട്. അവരുടെ എല്ലാ ആവശ്യങ്ങൾക്കും സബ്സിഡി അനുവദിക്കാൻ കഴിയുന്നില്ല. ഇപ്പോൾതന്നെ നല്ല കുടിശ്ശികയുണ്ട്. Small Industries Development Bank of India (SIDBI) യിൽനിന്നും 20 കോടി രൂപ കടമെടുത്ത് കൊടുക്കാം എന്നാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

ശ്രീ. എൻ. കണ്ണൻ : ഇന്ന് ചൂരൽ വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധി ചൂരൽ കിട്ടാനില്ല എന്നതാണ്. വനപ്രദേശങ്ങളിൽ ഫോറസ്റ്റുകാരും മറ്റു ബന്ധപ്പെട്ടവരും ചൂരൽ വെട്ടി നശിപ്പിക്കുകയാണ്. വനപ്രദേശങ്ങളിലുള്ള ചൂരൽ സംരക്ഷിച്ചുകൊണ്ട്, ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ആവശ്യമായ ചൂരൽ നൽകുന്നതിനുവേണ്ടി എന്തെങ്കിലും നടപടി

LIBRARY ARCHIVES Kerala Legislative Assembly

വനംവകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് കൈക്കൊള്ളാൻ വ്യവസായ വകുപ്പ് ആഗ്രഹിക്കുന്നുണ്ടോ?

ശ്രീമതി സുശീലാ ഗോപാലൻ : ഞാൻ നേരത്തെ തന്നെ പറഞ്ഞുകഴിഞ്ഞതാണ്. വനം വകുപ്പുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ എന്തു ചെയ്യാൻ സാധിക്കുമെന്ന് പരിശോധിക്കാം.

ശ്രീ. ആര്യാടൻ മുഹമ്മദ് : സഹകരണമേഖലയിലും അല്ലാതെയും ചെറുകിടക്കാർ നടത്തിവരുന്ന ഈ വ്യവസായത്തിന് ടാക്സ് നിലവിലുണ്ട്. 1999-2000-ത്തിലെ ബഡ്ജറ്റിൽ സോഫ്റ്റ്വെയർ, ഹാർഡ്വെയർ തുടങ്ങിയ വ്യവസായങ്ങളെയൊക്കെ ടാക്സിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ആയിരക്കണക്കിന് ആളുകൾ ജോലി ചെയ്യുന്നതാണ് ഈ മേഖല. ഇത് പരിഗണിച്ച് ഈ വ്യവസായത്തെ ടാക്സിൽനിന്നും ഒഴിവാക്കാനുള്ള നടപടി കൈക്കൊള്ളാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീമതി സുശീലാ ഗോപാലൻ : സംസ്ഥാനത്തിന്റെ വരുമാനമാർഗ്ഗം, പ്രത്യേകിച്ചും സെയിൽസ് ടാക്സും മറ്റും കുറഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇതിൽ ചില പരിമിതികൾ ഉണ്ട്. എങ്കിലും സബ്സിഡി കടം എടുത്തുകൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അവരുടെ സാധനങ്ങൾ വിപണനം ചെയ്യുന്നതിന് സിഡ്കോ വഴി പ്രത്യേക ഏർപ്പാടുകൾ ചെയ്തുവരുന്നുണ്ട്. അതിനുള്ള നടപടികൾ നടക്കുകയാണ്. കുറച്ചെടുത്ത് ഇപ്പോൾ വിതരണം ചെയ്യുന്നു. അതുകൂടാതെ അവർക്ക് ഒരു ബിൽ ഡിസ്കൗണ്ടിംഗ് ഫെസിലിറ്റി കൂടെ സിഡ്കോ ഉണ്ടായിട്ടുണ്ട്. ചെറുകിട വ്യവസായികളുടെ പ്രശ്നങ്ങൾ പരമാവധി ദൂരീകരിക്കാൻവേണ്ടിയുള്ള നടപടികൾ എടുത്തുവരികയാണ്. സാമ്പത്തികമായി ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിലും പരിഹരിക്കുന്നതാണ്.

മി.സ്പീക്കർ : യേസ്, ചോദ്യം 472, ശ്രീ.എം. മുരളി,....ബഹു.വ്യാവസായ വകുപ്പുമന്ത്രി.

ഖാദിയുടെ ചില്ലറ വില്പനയ്ക്ക് നൽകിയിരുന്ന റിബേറ്റ് നിർത്തലാക്കൽ

2 (*472) ശ്രീ. എം. മുരളി :
ശ്രീ. വി. ബാലറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി ഗ്രാമവ്യവസായ കമ്മീഷൻ ഖാദിയുടെ ചില്ലറ വില്പനയ്ക്കു നൽകിയിരുന്ന റിബേറ്റ് നിർത്തൽ ചെയ്തിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ;

(ബി) ഇതുമൂലം ഖാദിയുടെ വില്പനയിൽ സാരമായ കുറവുണ്ടായിട്ടുണ്ടോ;

(സി) അതുമൂലം ഖാദി ഉല്പാദനം കുറയുകയോ നിർത്തുകയോ ചെയ്യുവാൻ ഖാദി സൊസൈറ്റികളും ഖാദി ഉല്പാദിപ്പിക്കുന്ന മറ്റുയൂണിറ്റുകളും നിർബന്ധിതമായിട്ടുള്ളതായി അറിയുമോ;

(ഡി) എങ്കിൽ എത്ര ഖാദി തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു എന്നു വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly